**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4579** | **29-10-2021 - ൽ മറുപടിയ്ക്ക്**

**കോരുത്തോട് പഞ്ചായത്തിലെ കൊമ്പുകുത്തി പ്രദേശത്തെ കാട്ടാന ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിലെ കൊമ്പുകുത്തി പ്രദേശത്തെ കാട്ടാനശല്യം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ഡിവിഷനിലെ എരുമേലി ഫോറസ്റ്റ് റെയിഞ്ചിൽ കോരുത്തോട് പഞ്ചായത്തിലെ കൊമ്പുകുത്തി പ്രദേശത്തെ കാട്ടാനശല്യം തടയുന്നതിനായി കൊമ്പുകുത്തി ഭാഗത്ത് കണ്ടങ്കയം മുതൽ പത്തേക്കർ ഭാഗം വരെ 4 കി.മീ. നീളത്തിലും, പത്തേക്കർ മുതൽ മൈനാക്കുളം ഭാഗം വരെ 3.5 കി.മീ. നീളത്തിലും സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുള്ളതും ആയത് നിലവിൽ പ്രവർത്തനക്ഷമവുമാണ്. കൂടാതെ കൊമ്പുകുത്തി സെറ്റിൽമെന്റിന് ചുറ്റുമായി 2 കി.മീ. നീളത്തിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജവേലിയും പ്രവർത്തനക്ഷമമാണ്. കൂടാതെ, കോരുത്തോട് പഞ്ചായത്തിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്ന നടപടികളുമായി ബന്ധപ്പെട്ട് ജനജാഗ്രതാ സമിതി രൂപീകരിച്ചിട്ടുള്ളതും ഇതുവഴി ജനപ്രതിനിധികളും വനം വകുപ്പ് ജീവനക്കാരും തമ്മിൽ പരസ്പര സഹകരണത്തോടെ പ്രവർത്തിച്ചു വരുന്നതുമാണ്. 16.07.2021-ൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന കോരുത്തോട് ജനജാഗ്രതാ സമിതിയുടെ യോഗം ടി മേഖലയിലെ മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്രദേശത്തേക്കുള്ള പാതയുടെ ഇരുവശത്തുമുള്ള കാട് വെട്ടിത്തെളിച്ച് കാൽനടയാത്രക്കാരെ വന്യജീവികളുടെ ആക്രമണത്തിൽനിന്നും രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | കണ്ണാട്ടു കവലയിൽ നിന്നും കൊമ്പുകുത്തി ഭാഗം വരെയുള്ള വനമേഖലയിലൂടെ കടന്ന് പോകുന്ന പി.ഡബ്ല്യു.ഡി. റോഡിന് ഇരുവശങ്ങളിലുമായി ഉദ്ദേശം 1 കി.മീ. നീളത്തിൽ 5 മീ. വീതിയിൽ വനം വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രദേശവാസികളുടെ സഹകരണത്തോടെ വിസ്ത ക്ലിയറിംഗ് നടത്തിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത റോഡിന്റെ ഇരുവശത്തും സോളാർ ഫെൻസിംഗും സോളാർ എൽ.ഇ.ഡി.ലൈറ്റുകളും | (സി) | പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്. ഇപ്രകാരമുള്ള പൊതു റോഡുകളുടെ ഇരുവശത്തും സോളാർ പെൻസിംഗ് സ്ഥാപിക്കുക എന്നത് |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | പൊതുവെ വനംവകുപ്പിൽ നിന്നും ചെയ്തു വരാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ